# സ്വതന്ത്രമാക്കുന്ന ഒരു സത്യം

സാക് പുന്നൻ

WFTW 05 ഫെബ്രുവരി 2017

യാക്കോബ് 1:12-15 ൽ അപ്പൊസ്തലൻ പ്രലോഭനത്തെയും പാപത്തെയും കുറിച്ചു പറയുന്നു. നിങ്ങൾ പ്രലോഭനങ്ങളിൽ ജയിക്കുന്നതു തുടരുകയാണെങ്കിൽ, ഒരു ദിവസം നിങ്ങൾ ദൈവത്തിൽ നിന്ന് ജീവൻറെ കിരീടം പ്രാപിക്കും എന്നാണ് അദ്ദേഹം പറയുന്നത്. ദൈവം തന്നെ സ്നേഹിക്കുന്ന ഏവർക്കും അത് വാഗ്ദാനം ചെയ്യുന്നു. അതു നമ്മെ പഠിപ്പിക്കുന്നത്, നാം കർത്താവിനെ സ്നേഹിക്കുന്നു എങ്കിൽ പാപം ചെയ്യുവാനുള്ള എല്ലാ പ്രലോഭനങ്ങൾക്കും എതിരെ നാം പോരാടും എന്നാണ്.

നിങ്ങൾക്ക് ഒരു പ്രലോഭനം ഉണ്ടാകുമ്പോൾ 'ദൈവമെ, എന്തുകൊണ്ടാണ് അങ്ങ് ഈ പ്രലോഭനം എൻറെ അടുക്കലേക്ക് അയച്ചത്?' എന്നു ചോദിക്കരുത്. ദൈവം ഒരിക്കലും അത് അയച്ചിട്ടില്ല. ദൈവം ആരെയും പ്രലോഭിപ്പിക്കുന്നില്ല. 'ഒരുവൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ, താൻ ദൈവത്താൽ പ്രലോഭിക്കപ്പെടുന്നു എന്ന് ആരും പറയാതിരിക്കട്ടെ. ദൈവം ആരെയും പ്രലോഭിപ്പിക്കുന്നില്ല' ( യാക്കോബ് 1:13) .

അപ്പോൾപിന്നെ ആരാണ് നിങ്ങളെ പ്രലോഭിപ്പിക്കുന്നത്? നിങ്ങളുടെ ജഡത്തിലുള്ള മോഹങ്ങളിലൂടെ സാത്താനാണതു ചെയ്യുന്നത്. കാരണം നമ്മുടെ ശൈശവം മുതൽ അനേക വർഷങ്ങൾ നാം എല്ലാവരും നമ്മുടെ ജഡത്തിൽ ആഗ്രഹങ്ങൾക്ക് വഴങ്ങി ജീവിച്ചിട്ടുണ്ട്, ആ ആഗ്രഹങ്ങൾ ഉപയോഗിച്ച് സാത്താന് നമ്മെ പ്രലോഭിപ്പിക്കുവാൻ കഴിയും. ഒരു രാജ്യം യുദ്ധത്തിൽ ഏർപ്പെടുമ്പോൾ, ആ രാജ്യത്തിനകത്ത്നാ ശമുണ്ടാക്കുന്നതിനുവേണ്ടി ശത്രു രഹസ്യമായി തങ്ങളുടെ പ്രതിനിധികളെ രാജ്യത്തിനുള്ളിലേയ്ക്ക് അയയ്ക്കുന്നു. ശത്രു രണ്ടു മുഖങ്ങളിൽ നിന്ന് യുദ്ധം ചെയ്യുന്നു. യുദ്ധമുഖത്തു നിന്നു കൊണ്ടും, തങ്ങളുടെ പ്രതിനിധികളിലൂടെ രാജ്യത്തിനകത്തു നിന്നു
കൊണ്ടും. അതുകൊണ്ട് അത് സാത്താനോടും കൂടെയാണ്. നാം നമ്മിലുള്ള സാത്താൻറെ പ്രതിനിധികളെ നമ്മുടെ ജഡത്തിലുള്ള ദൈവഭയമില്ലാത്തതും സാത്താൻറെ പക്ഷത്തുള്ളതുമായ ആഗ്രഹങ്ങൾ തിരിച്ചറിഞ്ഞ് അവയെ മരണത്തിനേൽപ്പിക്കണം. നിങ്ങൾ അകത്തുള്ള ശത്രുവിൻറെ പ്രതിനിധികളെ കൊന്നാൽ, യുദ്ധമുഖത്തു നിന്നു പോരാടുന്ന സാത്താന് എതിരെ പോരാടുവാൻ നിങ്ങൾ ശക്തരായിത്തീരും. തെറ്റായ ഒരു ആഗ്രഹത്തിന് വഴിപ്പെടുവാൻ നിങ്ങളുടെ മനസ്സിനെ നിങ്ങൾ അനുവദിക്കുമ്പോഴാണ് നിങ്ങൾ പാപം ചെയ്യുന്നത്. അതു വരെ നിങ്ങളുടെ മനസ്സിലേക്കു വന്ന ആ ചിന്ത ഒരു പ്രലോഭനം മാത്രമാണ്. ഉദാഹരണത്തിന് നിങ്ങൾ റോഡിലൂടെ നടക്കുമ്പോൾ, നിങ്ങളെ
പ്രലോഭിപ്പിക്കുന്ന ചില കാര്യങ്ങൾ നിങ്ങൾ കാണുന്നു. അത് പാപമല്ല. അത് പ്രലോഭനമാണ്. എന്നാൽ നിങ്ങൾ അതിനെ വീണ്ടും നോക്കിയാൽ, അപ്പോൾ നിങ്ങൾ പാപം ചെയ്യുന്നു. ഒന്നാമത്തെ നോട്ടം പ്രലോഭനമാണ്, രണ്ടാമത്തെ നോട്ടം പാപമാണ്. ആദ്യത്തെ നോട്ടം നമുക്ക് ഒഴിവാക്കാവുന്നതല്ല. കാരണം നമുക്കുചുറ്റും എല്ലായിടത്തും ധാരാളം തിന്മകൾ നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ നാം അതിനോട് യോജിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ നമുക്ക് കഴിയും.

അത് ഒരു കുഞ്ഞിനെഗർഭം ധരിക്കുന്നതു പോലെയാണ് പരിശുദ്ധാത്മാവ് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഉദാഹരണം അതാണ്. നിങ്ങളുടെ തെറ്റായ ആഗ്രഹങ്ങൾക്ക് വഴിപ്പെടുമ്പോൾ, അത് ഒരു സ്ത്രീ തൻറെ ശരീരത്തെ ലൈംഗിക വേഴ്ചയ്ക്കായി ഒരു പുരുഷനു നൽകുവാൻ സമ്മതിക്കുന്നതു പോലെയാണ്. അവിടെ ഒരു ഗർഭധാരണം ഉണ്ടാകുന്നു. എന്നാൽ ആ സ്ത്രീ തന്നെ അവളെ ആ പരുഷനു

നൽകുന്നത്നിരസിക്കുകയാണെങ്കിൽ അവിടെ ഗർഭധാരണം നടക്കുന്നില്ല. അതു പോലെ തന്നെ നിങ്ങൾ പ്രലോഭനത്തെ തള്ളിക്കളഞ്ഞിട്ട് തെറ്റായ ആഗ്രഹങ്ങൾക്ക് വഴങ്ങാൻ നിങ്ങളുടെ മനസ്സിനെ അനുവദിക്കാതിരിക്കുമ്പോൾ അവിടെ പാപം ഉണ്ടാകുന്നില്ല.

ഒരാൾ ഇപ്രകാരം പറഞ്ഞിട്ടുണ്ട്. 'പക്ഷികൾ നിങ്ങളുടെ തലയ്ക്കു മുകളിൽ കൂടെ പറക്കുന്നതിൽ നിന്ന് അവയെ തടയാൻ നിങ്ങൾക്ക്ക ഴിയില്ല, എന്നാൽ നിങ്ങളുടെ തലമുടിയ്ക്കുള്ളിൽ ഒരു കൂടുണ്ടാക്കുന്നതിൽ നിന്ന് അവയെ തടയാൻ നിങ്ങൾക്കു കഴിയും'. നിങ്ങളുടെ തലയ്ക്കു മുകളിലൂടെ പറക്കുന്ന പക്ഷികളാണ് പ്രലോഭനങ്ങൾ നിങ്ങളുടെ മനസ്സിലേക്കു വരുന്ന അനേകം ദുഷിച്ച ചിന്തകൾ. അതിനെ പെട്ടന്നു തന്നെ തള്ളിക്കളഞ്ഞാൽ അവ പാപമല്ല. അവ പ്രലോഭനങ്ങളാണ്. എന്നാൽ ഏതാനും സെക്കൻറു നേരത്തേക്കെങ്കിലും ആ ദുഷിച്ച ചിന്തകളെ ആസ്വദിക്കുന്നത് നിങ്ങൾ തിരഞ്ഞെടുത്താൽ, അപ്പോൾ 'പക്ഷികളെ' നിങ്ങളുടെ മനസ്സിൽ കൂടുണ്ടാക്കുവാൻ നിങ്ങൾ അനുവദിച്ചു കഴിഞ്ഞു. അപ്പോൾ നിങ്ങൾ പാപം ചെയ്തു കഴിഞ്ഞു.

സാത്താൻ മരുഭൂമിയിൽ വെച്ച് യേശുവിൻറെ മനസ്സിലേക്ക് ചിന്തകൾ കൊണ്ടുവന്നിട്ട് അവിടുത്തെയും പ്രലോഭിപ്പിച്ചു. എന്നാൽ ഓരോ തവണയും യേശു അതിനെ തള്ളിക്കളഞ്ഞു അതുകൊണ്ട് തന്നെ അവിടുന്നു പാപം ചെയ്തില്ല. അതുകൊണ്ട് ചിന്തകൾ നിങ്ങളുടെ മനസ്സിലേയ്ക്ക് വന്നു കൊണ്ടിരിക്കുന്നു എന്നതിൽ നിരാശപ്പെടേണ്ട. അതു പ്രലോഭനങ്ങൾ മാത്രമാണ്. നിങ്ങൾ ആ ചിന്തകൾ ആസ്വദിക്കുകയും അവയെ സ്വീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് അവ പാപമായി തീരുന്നത്. ഒരു മോഹം ഗർഭധാരണം നടക്കുമ്പോൾ മാത്രമാണ് പാപം ജനിക്കുന്നത് എന്നറിയുന്നത് നമുക്ക് വളരെ സ്വാതന്ത്ര്യം നൽകുന്നതാണ്. ഗർഭധാരണം നടക്കുന്നില്ലെങ്കിൽ ഒരു കുഞ്ഞുണ്ടാകുന്നില്ല. പാപത്തിൻറെ അന്തിമഫലം ആത്മീക മരണമാണ്. (യാക്കോബ് 1 :15), നാം ഈ കാര്യത്തിൽ വഞ്ചിക്കപ്പെട്ടുപോകരുത് (യാക്കോബ് 1:16).